بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ**

**സംഗ്രഹം**

**10-10-2025**

# മക്കാവിജയാനന്തര യുദ്ധനീക്കങ്ങൾ

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَرَسُوۡلُہٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ - بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ -

اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ○ الرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ○

اِہۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡہِمۡ ۬ۙ غَیۡرِ الۡمَغۡضُوۡبِ عَلَیۡہِمۡ وَلَا الضَّآلِّیۡنَ ○

തശഹ്ഹുദ്, തഅവ്വുദ്, തസ്മിയ എന്നിവയ്ക്കും സൂറത്തുൽ ഫാതിഹയുടെ പാരായണത്തിനും ശേഷം ഹുസൂർ അൻവർ (അയ്യദഹു അല്ലാഹു ) ഇപ്രകാരം അരുളി:

മക്കാവിജയത്തെ തുടർന്ന് മദീനയിൽ തിരിച്ചെത്തിയതിനു ശേഷവും നബിതിരുമേനി (സ)ക്ക് ചില സൈനിക നീക്കങ്ങൾ നടത്തേണ്ടി വന്നു. അവയെക്കുറിച്ച് ഞാൻ വിവരിക്കുക യാണ്.

ഖൈസ് ബിൻ സഅദ് ബിൻ ഉബാദയുടെ നീക്കമാണ് ഒന്ന്. ഹിജ്റ എട്ടാം വർഷത്തിലാ യിരുന്നു ഇത്. നബി(സ) ജഅ്റാനയിൽ നിന്ന് മദീനയിൽ തിരിച്ചെത്തിയ ശേഷം ഇസ്‌ലാമിക പ്രബോധനത്തിനായി വിവിധ പ്രദേശങ്ങളി ലേക്ക് സൈന്യങ്ങളെ അയച്ചു. യമൻ തലസ്ഥാ നമായ സൻആഇലേക്ക് മുഹാജിർ ബിൻ അബീ ഉമയ്യയെയും, ഹളർമൗത്തിലേക്ക് സിയാദ് ബിൻ ലബീദിനെയുമാണ് അയച്ചത്. ഖൈസ് ബിൻ സഅദിന്റെ നേതൃത്വത്തിൽ ഒരു സൈന്യത്തെ തയ്യാറാക്കുകയും ചെയ്തു. നബി തിരുമേനി(സ) നാനൂറ് പേരടങ്ങുന്ന ഒരു സംഘ ത്തോടൊപ്പം ഖൈസ് ബിൻ സഅദിനെ യമ നിലെ സദാഅ് ഗോത്രത്തിലേക്ക് അയച്ചു. അവരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കാൻ വേണ്ടിയായിരുന്നു ഇത്.

ഖസ്റജ് ഗോത്രത്തലവനായ ഹദ്റത്ത് സഅദ് ബിൻ ഉബാദയുടെ മകനും പ്രമുഖ സ്വഹാ ബിമാരിൽ ഒരാളുമായിരുന്ന ഹദ്റത്ത് ഖൈസ്, ദീർഘവീക്ഷണമുള്ള ധീരനായകുതിരപ്പടയാ ളിയായിരുന്നു. പരോപകാരത്തിലും അദ്ദേഹം അറിയപ്പെട്ടിരുന്നു. അദ്ദേഹം ഖനാ എന്ന സ്ഥലത്ത് തമ്പടിച്ചിരിക്കുമ്പോൾ, സദാഅ് ഗോത്രത്തിലെ സിയാദ് ബിൻ ഹാരിസ് അതുവഴി കടന്നുപോയി. ഇദ്ദേഹം അല്പം മുമ്പ് ഇസ്‌ലാം സ്വീകരിച്ചിരുന്നു. ഈ സൈന്യം തന്റെ ഗോത്രത്തെയാണ് ആക്രമിക്കാൻ പേ ാകുന്നതെറിഞ്ഞ അദ്ദേഹം അവിടുന്ന് നേരെ നബി(സയുടെ സമക്ഷം ഹാജരായിക്കൊണ്ട് അഭ്യർഥിച്ചു: *അങ്ങ് അയച്ച സൈന്യത്തെ തിരികെ വിളിച്ചാലും. എന്റെ സമുദയത്തിന്റെ കാര്യത്തിൽ ഞാൻ ഉറപ്പു തരാം. അവർ ഇസ്‌ലാം സ്വീകരിക്കുന്നതാണെന്ന് ഞാൻ വാക്കു തരുന്നു.*

നബിതിരുമേനി(സ) അദ്ദേഹത്തിന്റെ അപേക്ഷ സ്വീകരിച്ച് സൈന്യത്തെ തിരികെ വിളിച്ചു. എന്തെന്നാൽ ആക്രമിച്ച് ബലാത്കാരേണ മു

സ്ലീമാക്കുക എന്നത് ഇസ്ലാമിക അധ്യാപനങ്ങൾക്ക് എതിരാണ്. നബിതിരുമേനി(സ)യുടെ തിരുചര്യയ്ക്കും എതിരാണത്.

ബനൂ തമീം ഗോത്രത്തിലേക്ക് ഹദ്റത്ത് ഉയൈനബിൻഹിസ്ൻഫസാരിയുടെസൈനിക നീക്കമാണ് മറ്റൊന്ന്. ഹിജ്റ ഒൻതാം വർഷം മുഹറം മാസത്തിലാണ് ഇത് നടന്നത്. ഇതിന്റെ പശ്ചാത്തലം ഇതാണ്: നബിതിരുമേനി(സ) ഹദ്റത്ത് ബിശർ ബിൻ സുഫ്യാനെ ഖുസാഅ ഗോത്രത്തിലെ ബനൂ കഅബ് ശാഖയിലേക്ക് സകാത്ത് ശേഖരിക്കാനായി അയച്ചു. ഹദ്റത്ത് ബിശർ ബിൻ സുഫ്യാന്റെ നിർദ്ദേശപ്രകാരം ബനൂഖുസാഅ ഗോത്രത്തിന്റെ എല്ലാ ഭാഗത്തു നിന്നുള്ള സകാത്ത് അവിടെ ശേഖരിക്കാൻ തുടങ്ങി. അപ്പോൾ മുസ്ലീങ്ങളല്ലാത്ത ബനൂ തമീം ഗോത്രക്കാർക്ക് ഈ ധനം കൂടുതലായി തോന്നി. 'ഇയാൾ എന്തിനാണ് ഞങ്ങളുടെ ധനം അന്യായമായി എടുക്കുന്നത്?' എന്ന് ചോദിച്ചുകൊണ്ട് അവർ വാളുകളെടുത്തു. തർക്കവും കലഹവും കണ്ട ബിശർ ബിൻ സുഫ്യാൻ സകാത്ത് ഒന്നും ശേഖരിക്കാതെ മടങ്ങിപ്പോയി. അദ്ദേഹം നബിതിരുമേനി(സ)യെ കാര്യങ്ങൾ ധരിപ്പിച്ചു. നബിതിരുമേനി(സ) ഹദ്റത്ത് ഉയൈന ബിൻഹിസ്നെ അമ്പത് കുതിരപ്പടയാളികളോടൊപ്പം ബനൂ തമീമിന്റെ അടുത്തേക്ക് അയച്ചു. അങ്ങനെ അവർ ബനൂ തമീം തമ്പടിക്കുകയും കന്നുകാലികളെ മേയ്ക്കുകയും ചെയ്യുന്ന മരുഭൂമിയിലെത്തി. ബനൂ തമീം ഗോത്രം സൈന്യത്തെ കണ്ടതോടെ എല്ലാം ഉപേക്ഷിച്ച് ഓടിപ്പോയി. അവരുടെ പതിനൊന്ന് പുരുഷന്മാരെയും പതിനൊന്ന് സ്ത്രീകളെയും മുപ്പത് കുട്ടികളെയും ബന്ദികളാക്കി മദീനയിലേക്ക് കൊണ്ടുവന്നു. നബി(സ)യുടെ കൽപ്പനപ്രകാരം ഇവരെ ഹദ്റത്ത് റംല ബിൻത് ഹാരിസിന്റെ വീട്ടിൽ താമസിപ്പിച്ചു. പിന്നീട്, ബനൂ തമീമിലെ എൺപതോ തൊണ്ണൂറോ പ്രമുഖർ അടങ്ങുന്ന ഒരു പ്രതിനിധി സംഘം നബിതിരുമേനി(സ)യുടെ അടുക്കൽ വന്നു. ഗോത്രത്തിലെ ചില പ്രഗത്ഭരായ കവികളും പ്രഭാഷകരും ആ സംഘത്തിൽ ഉണ്ടായിരുന്നു. പ്രതിനിധിസംഘത്തിന്റെ നേതാവ് പറഞ്ഞു: കവിതയിലും പ്രഭാഷണകലയിലും അങ്ങയോട് മാറ്റുരയ്ക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അതായത്, കവിതയിലും പ്രഭാഷണകലയിലും ഒരു മത്സരം നടത്തി ഏതു സമുദായത്തിലെ കവികളും വാഗ്മികളുമാണ് മികച്ചു നിൽക്കുന്നതെന്ന് നോക്കാം. നബിതിരുമേനി(സ)പറഞ്ഞു: എന്റെ നിയോഗലക്ഷ്യം കവിതയിലും വാഗ്മയത്തിലും മാറ്റുരയ്ക്കുകയല്ല. അല്ലാഹുവിലേക്ക് ക്ഷണിക്കുക എന്നതാണ് എന്റെ ലക്ഷ്യം. എന്നാൽ നിങ്ങളുടെ ആഗമനോദ്ദേശ്യം ഇതാണെങ്കിൽ, നിങ്ങൾ നിങ്ങളുടെ കലാപ്രകടനം നടത്തിക്കൊള്ളുക. ഞങ്ങൾ അതിന് മറുപടി നൽകാം. മത്സരശേഷം പ്രതിനിധി സംഘത്തോടൊപ്പം വന്ന അഖ്റഅ് ബിൻ ഹാബിസ് തന്റെ കൂട്ടുകാരുടെ മുൻപാകെ നിർവ്യാജമായ ഒരു അവലോകനം നടത്തിക്കൊണ്ട് പറഞ്ഞു: അവരുടെ പ്രഭാഷകൻ ഞങ്ങളുടെ പ്രഭാഷകനേക്കാൾ മികച്ചവനാണ്, അവരുടെ കവി ഞങ്ങളുടെ കവിയേക്കാൾ എത്രയോ ഉന്നതനാണ്. അവർ നമ്മളേക്കാൾ വളരെ മുന്നിലാണ്.

തുടർന്ന്, എല്ലാം അവസാനിച്ചതിനു ശേഷം എല്ലാവരും ഇസ്ലാം സ്വീകരിച്ചു. ബനൂ തമീം ഇസ്ലാം സ്വീകരിച്ച ശേഷം, നബി(സ) അവരുടെ ബന്ദികളെ തിരികെ നൽകുകയും അവർക്ക് പാരിതോഷികങ്ങൾ നൽകുകയും ചെയ്തു.

അടുത്ത സൈനിക നീക്കം ഖുത്ബ ബിൻ ആമിറിന്റേതാണ്. ഹിജ്റ ഒൻപതാം വർഷം സഫർ മാസത്തിൽ ഈ ദൗത്യം നടന്നു. നബിതിരുമേനി(സ) അവരെ ഖബാലയിലേക്ക്-മറ്റൊരു നിവേദനപ്രകാരം ബീശയുടെ സമീപപ്രദേശത്തേക്ക്- അയച്ചു. പെട്ടെന്നു തന്നെ അവരെ ആക്രമിക്കണമെന്നായിരുന്നു കല്പന. മുസ്ലീങ്ങൾ ഉടൻ തന്നെ അവരെ ആക്രമിച്ചു.ഘോരയുദ്ധംനടന്നു. ഇരുപക്ഷത്തും ധാരാളം പേർക്ക് പരിക്കേൽക്കുകയും എതിർ ഗോത്രത്തിലെ നിരവധി ആളുകൾ കൊല്ലപ്പെടുകയും ചെയ്തു. ഹദ്റത്ത് ഖുത്ബ യുദ്ധത്തിൽനിന്ന് ലഭിച്ച ഒട്ടകങ്ങളും ആടുകളും സ്ത്രീകളുമായി മദീനയിൽ എത്തി.

ഇനി ളിഹാക് ബിൻ സുഫ്യാൻ കിലാബിയുടെ യുദ്ധ നീക്കമാണ്. ഹിജ്റ ഒൻപതാം വർഷം

റബീഉൽ അവ്വൽ മാസത്തിലാണ് ഇതു നടന്നത്. നബിതിരുമേനി(സ) ഹദ്റത്ത് ളിഹാക് ബിൻ സുഫ്‌യാൻ കിലാബിയെ ഖുർത്വാഅ് എന്ന പ്രദേശത്തെ അദ്ദേഹത്തിന്റെ സ്വന്തം ഗോത്രമായ ബനൂ കിലാബിലേക്ക് അയച്ചു. അദ്ദേഹം ഇസ്‌ലാമിന്റെ സന്ദേശം നൽകിയെങ്കിലും ഗോത്രക്കാർ നിഷേധിച്ചു കളഞ്ഞു. യുദ്ധം ഉണ്ടായേക്കാവുന്ന സ്ഥിതി വരെ വന്നെത്തി. അവർ ഖുർത്വാഅ് ഗോത്രക്കാരെ പരാജയപ്പെടുത്തുകയും യുദ്ധമുതൽ നേടുകയും ചെയ്തു. അൽഖമ ബിൻ മുജസ്സിസ്(റ) ജിദ്ദയിലേക്ക് നടത്തിയ നീക്കമാണ് മറ്റൊന്ന്. ഇത് നടന്നത് റബീഉസ്സാനി മാസത്തിലാണ്. ചില നിവേദനങ്ങളനുസരിച്ച് സഫർ മാസത്തിലാണെന്നും വന്നിട്ടുണ്ട്. അബ്സ്സീനിയയിൽ നിന്നുള്ള ചില യോദ്ധാക്കൾ ജിദ്ദയുടെ തീരത്ത് വന്നിറങ്ങിയെന്ന് നബി(സ)ക്ക് വിവരം ലഭിച്ചു. ചില നിവേദനങ്ങൾ അനുസരിച്ച്, അവരുടെ ഉദ്ദേശ്യം മക്കക്കാരെ കൊള്ളയടിക്കുക എന്നതായിരുന്നു. അവിടുന്ന് 300 പേരുടെ നേതൃത്വം ഹദ്റത്ത് അൽഖമ(റ)യെ ഏൽപ്പിച്ച് അവരുടെ അടുക്കലേക്ക് അയച്ചു. അൽഖമ(റ)യും കൂട്ടരും വരുന്നതറിഞ്ഞപ്പോൾ, അബ്സ്സീനിയക്കാർ അവരുടെ വഞ്ചികളിൽ കയറി കടലിലേക്ക് ഓടി രക്ഷപ്പെട്ടു. ഹദ്റത്ത് അൽഖമ(റ) ഒരു ദ്വീപ് വരെ അവരെ പിന്തുടർന്നു. ഹുസൂർ തിരുമനസ്സ് ഈ ദൗത്യവുമായി ബന്ധപ്പെട്ട് ശ്രദ്ധേയമായ ഒരു സംഭവം വിവരിച്ചു. ഒരു സേനാനായകൻ തീയിലേക്ക് ചാടാൻ കല്പിച്ചപ്പോൾ ചിലർ ചാടാൻ ഒരുങ്ങിയെങ്കിലും ചിലർ അതിന് തയ്യാറായില്ല. ഈ സംഭവം നബിതിരുമേനിയെ അറിയിച്ചപ്പോൾ അവിടുന്ന് വളരെ നീരസം പ്രകടിപ്പിച്ചു കൊണ്ട് പറഞ്ഞു:അവർ അതിൽ പ്രവേശിച്ചിരുന്നെങ്കിൽ, അവർക്ക് അന്ത്യനാൾവരെ അതിൽനിന്ന് പുറത്തുവരാൻ കഴിയുമായിരുന്നില്ല. കാരണം, അനുസരണം എന്നത് നല്ല കാര്യങ്ങളിൽ മാത്രമാണ്.ശരീഅത്തിന് വിരുദ്ധമായ കാര്യങ്ങളിൽ അനുസരണം പാടില്ല എന്ന് ഈ സംഭവം വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ)പറഞ്ഞിട്ടുണ്ട്. ഇനി ഹദ്റത്ത് അലിയുടെ സൈനിക നീക്കത്തെക്കുറിച്ചും പരാമർശം ലഭിക്കുന്നുണ്ട്. ഹിജ്റ ഒൻപതാം വർഷം റബീഉസ്സാനി മാസത്തിലാണ് ഈ ദൗത്യം നടന്നത്. നബി (സ) നൂറ്റമ്പത് അൻസാറുകളോടൊപ്പം ഹദ്റത്ത് അലിയെ ത്വയ് ഗോത്രത്തിന്റെ വിഗ്രഹമായ ഫുൽസിനെ തകർക്കാൻ അയച്ചു. ഹദ്റത്ത് അലി അതിരാവിലെ ആക്രമണം നടത്തി, അവരുടെ വിഗ്രഹമായ ഫുൽസിനെ തകർത്തു. നിരവധി പേരെ ബന്ദികളാക്കുകയും കന്നുകാലികളെ പിടിച്ചെടുക്കുകയും ചെയ്തു. പരോപകാരത്തിന് പേരുകേട്ട ഹാത്തിം ത്വായിയുടെ ഗോത്രമായിരുന്നു ഇത്. ബന്ദികളിൽ ഹാതിം ത്വായിയുടെ മകൾ സഫാനയും ഉൾപ്പെട്ടിരുന്നു. ഹാത്തിം ത്വായിയുടെ മകനും ഗോത്രത്തലവനുമായ അദിയ്യ് സിറിയയിലേക്ക് ഓടി രക്ഷപ്പെട്ടു. ഹാത്തിമിന്റെ മകൾ സഫാനയുടെ നിരന്തര അഭ്യർഥന മാനിച്ച് അവരെ നബിതിരുമേനി(സ) സ്വതന്ത്രയാക്കി. സ്വതന്ത്രയായതോടെ ഉടനെ അവർ ഇസ്‌ലാം സ്വീകരിച്ചു. തിരുമേനിയുടെ അനുവാദത്തോടെ അവർ തന്റെ സഹോദരന്റെ അടുക്കൽ സിറിയയിൽ എത്തിച്ചേരുകയും എത്രയും വേഗം മദീനയിൽ നബിതിരുമേനി(സ)യുടെ അടുക്കലേക്കു പോകാൻ തന്റെ സഹോദരനെ പ്രേരിപ്പിക്കുകയും ചെയ്തു. അദിയ്യിന്റെ മതത്തെക്കുറിച്ചും അദ്ദേഹവുമായി ബന്ധപ്പെട്ട വ്യക്തിപരമായ ഏതാനും കാര്യങ്ങളെക്കുറിച്ചും നബിതിരുമേനി (സ) അദ്ദേഹത്തിന് വിവരിച്ചു കൊടുത്ത കാര്യങ്ങളിൽ ചിലത് അദിയ്യിന് മാത്രം അറിവുള്ളവയായിരുന്നു. നബിതിരുമേനി(സ)യുടെ സദ്സ്വഭാവവും ഈ സംഗതികളുമൊക്കെ കണ്ട് താൻ ഇസ്‌ലാം സ്വീകരിച്ചുവെന്ന് അദ്ദേഹം പറയുന്നു. ഹദ്റത്ത് അലിയുടെ ദൗത്യത്തിനു ശേഷം അൽപം കഴിഞ്ഞ് ത്വയ് ഗോത്രത്തിന്റെ പ്രതിനിധി സംഘം നബി (സ) യുടെ അടുത്ത് വന്ന് ഇസ്‌ലാം സ്വീകരിച്ചു.

ഇനി ഉക്കാശ ബിൻ മിഹ്സന്റെ സൈനിക നീക്കത്തെകുറിച്ച് പറയാം. ഹിജ്റ ഒൻപതാം വർഷം റബീഉസ്സാനി മാസത്തിൽ ജനാബിന്റെ ഭാഗത്തേക്കാണ് ഈ ദൗത്യം നടന്നത്. ഈ സൈനികനീക്കത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ലഭ്യമല്ല. ഈ യുദ്ധനീക്കം

നടന്നുവെന്ന പരാമർശം മാത്രമേയുള്ളൂ.
ഹുസൂർ തിരുമനസ്സ് തബൂക്ക് യുദ്ധത്തെക്കുറിച്ച് ചില പ്രാരംഭ കാര്യങ്ങൾ വിവരിച്ചു. ഹിജ്റ 9, റജബ് മാസം(ക്രിസ്ത്വബ്ദം 630 സെപ്റ്റംബർ മാസം) ആണ് ഈ യുദ്ധം നടന്നത്. ഇത് നബിതിരുമേനി(സ)യുടെ ജീവിതത്തിലെ അവസാനത്തെ യുദ്ധം ആയിരുന്നു. തബൂക്ക് എന്ന് പേരുള്ള അരുവിയുടെ അടുത്ത് തങ്ങിയതിനാലാണ് ഈ യുദ്ധം തബൂക്ക് യുദ്ധം എന്നറിയപ്പെടുന്നത്. വിശുദ്ധ ഖുർആനിൽ ഈ യുദ്ധത്തെ സാഅത്തുൽ ഉസ്റ് അഥവാ ദുരിത കാലം എന്ന് വിശേഷിപ്പിച്ചത് കൊണ്ട് ഇതിന് ഗസ്‌വതുൽ ഉസ്റ് എന്നും പേരുണ്ട്. കാരണം, മുസ്ലീങ്ങൾക്ക് നിരവധി ബുദ്ധിമുട്ടുകൾ നേരിടേണ്ടി വന്നിരുന്നു.
ഈ യുദ്ധത്തിന്റെ അടിസ്ഥാന കാരണമായി മനസ്സിലാകുന്നത് ഇതാണ്: മക്കാവിജയത്തിനും, ഹുനൈൻ യുദ്ധത്തിൽ ഏറ്റവും ശക്തരായ ബനൂ ഹവാസിനെ കനത്ത തോൽവിക്ക് വിധേയമാക്കിയതിനും ശേഷം, അറേബ്യക്ക് ചുറ്റുമുള്ള ഗോത്രങ്ങളിൽ മുസ്ലീങ്ങൾക്ക് ആധിപത്യം ലഭിച്ചതോടെ ജൂതന്മാരും ക്രിസ്ത്യാനികളും കപടവിശ്വാസികളും തങ്ങളുടെ എല്ലാ ശ്രമങ്ങളും പരാജയപ്പെടുന്നത് കണ്ടു. ഒരു ഭാഗത്ത് അവർ അക്കാലത്തെ ലോകശക്തിയായ റോമൻ ചക്രവർത്തിയോട് മുസ്ലീങ്ങളെ ഉന്മൂലനം ചെയ്യാൻ സൈന്യത്തെ അയക്കാൻ പ്രേരിപ്പിച്ചു. മറുവശത്ത്, കപടവിശ്വാസികൾ മദീനയിൽ റോമൻ ചക്രവർത്തി സൈന്യത്തെ അയക്കുന്നുവെന്ന കിംവദന്തികൾ നേരത്തെ പരത്താൻ തുടങ്ങി. നബിതിരുമേനി(സ) ഉൾപ്പെടെ എല്ലാ മുസ്ലീങ്ങളെയും നശിപ്പിക്കുമെന്ന് അവർ പറഞ്ഞു പരത്തി. ഇങ്ങനെ, കപടവിശ്വാസികളും എതിരാളികളും ആഗ്രഹിച്ചത്, നബി (സ) സൈന്യത്തെ നേരിടാൻ മദീനയിൽ നിന്ന് സിറിയയിലേക്ക് പുറപ്പെട്ടേക്കും എന്നാണ്. യാത്രാക്ലേശം കൊണ്ടോ റോമാക്കാരുമായുള്ള ഏറ്റുമുട്ടൽ കൊണ്ടോ രണ്ടായാലും നബി(സ)യുടെയും മുസ്ലീങ്ങളുടെയും നാശം (നഊദു ബില്ലാഹ്) ഉറപ്പാണെന്ന് അവർ കരുതി. ഇതിന്റെ കൂടുതൽ വിവരങ്ങൾ ഇൻഷാ അല്ലാഹ് അടുത്ത ഖുതുബയിൽ പറയുന്നതാണെന്ന് ഹുസൂർ തിരുമനസ്സ് പറഞ്ഞു.
ഖുതുബയുടെ അവസാനം ഹുസൂർ തിരുമനസ്സ് പറഞ്ഞു:ഇന്ന് റബ്‌വയിലെ ഗോൽബസാറിലുള്ള മസ്ജിദ് മഹ്ദിയിൽ തീവ്രവാദികൾ ആക്രമണം നടത്തി. നമ്മുടെ അഞ്ചാറു പേർക്ക് പരിക്കേറ്റിട്ടുണ്ട്. ഇതിൽ രണ്ടുപേരുടെ നില വളരെ ഗുരുതരമാണ്. അവരുടെ വയറിന് വെടിയേറ്റിരുന്നു. അവരുടെ ശസ്ത്രക്രിയ നടക്കുന്നുണ്ടായിരുന്നു.അല്ലാഹുഅവരുടെനില മെച്ചപ്പെടുത്തുമാറാകട്ടെ. പരിക്കേറ്റമറ്റുള്ളവർക്കും അല്ലാഹു ആശ്വാസം നൽകട്ടെ. നമ്മുടെ സുരക്ഷാ ഉദ്യോഗസ്ഥർ ഒരു തീവ്രവാദിയെ വകവരുത്തിയിട്ടുണ്ട്. ഒരാൾ ഓടിപ്പോയി. ഈ തീവ്രവാദികളെയും നിയമം ലംഘിക്കുന്നവരെയും ജമാഅത്തിന്റെ ശത്രുക്കളെയും അല്ലാഹു പെട്ടെന്ന് പിടികൂടട്ടെ.
പഞ്ചാബിൽ നൂറ് ശതമാനം കുറ്റകൃത്യങ്ങൾ നിയന്ത്രിച്ചെന്നും കുറ്റവാളികളില്ലെന്നും പഞ്ചാബ് സർക്കാറിന്റെ മുഖ്യമന്ത്രിയും ഭരണകൂടവും അവകാശപ്പെടുന്നു. എന്നാൽ, അഹ്മദികൾക്കെതിരെ ദിനംപ്രതി നടക്കുന്ന ആക്രമണങ്ങൾ, കൊലപാതകങ്ങൾ (രക്തസാക്ഷിത്വം), പരിക്കേൽപ്പിക്കൽ, സ്വത്തുക്കൾ അഗ്നിക്കിരയാക്കൽ എന്നിവയെല്ലാം ഒരു പക്ഷേ അവർ കുറ്റകൃത്യമായി കാണുന്നില്ലായിരിക്കാം. അല്ലാഹു ഈ ഭരണകൂടങ്ങൾക്ക് ബുദ്ധി നൽകട്ടെ, എത്രയും വേഗം അല്ലാഹു ജമാഅത്തിന്റെ കാര്യത്തിൽ തന്റെ ദൃഷ്ടാന്തങ്ങൾ വെളിപ്പെടുത്തട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُؤْمِنُ بِهِ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهُ وَمَنْ يُضْلِلْهُ فَلَا هَادِىَ لَهُ۔ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَ رَسُوْلُهُ۔ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْىِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ۔

**FRIDAY SERMON SUMMARY** DELIVERED BY**HAZRAT KHALIFATUL MASIH V(ATBA)**
ISLAMABAD UK ON 10.10.2025
SUMMARIZED BY MAJLIS ANSARULLAH BHARAT
MALAYALAM TRANSLATION BY BM ARIF
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516